# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 480 – 04/02/2020 - ലെ മറുപടിക്ക്

## വാർഷിക പദ്ധതിയിലെ കുറവ്

ചോദ്യം

ശ്രീ.മോൻസ് ജോസഫ്
ശ്രീ.പി.ജെ.ജോസഫ്

ഉത്തരം

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | അടുത്ത വാർഷിക പദ്ധതിയിൽ കുറവ് വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ; | 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് നിയമസഭയിൽ അവതരിപ്പിച്ചതിനു ശേഷം മാത്രമേ അടുത്ത വാർഷികപദ്ധതി വകയിരുത്തൽ സംബന്ധിച്ച് വ്യക്തത വരുകയുള്ളൂ. |
| (ബി) | ഈ വർഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ എത്ര ശതമാനം കുറവ് വരുത്തുവാനാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ; | ഈ സാമ്പത്തിക വർഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ കുറവു വരുത്തിയിട്ടില്ല. |
| (സി) | ഈ സാമ്പത്തിക വർഷം കേന്ദ്രത്തിൽ നിന്നുമുള്ള വിഹിതത്തിൽ കുറവ് വന്നിട്ടുണ്ടോ എന്നറിയിക്കാമോ; ഈ സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ? | അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുകൾ പ്രകാരം 2018-19 സാമ്പത്തിക വർഷത്തിൽ കേന്ദ്ര നികുതി വിഹിതമായി 19028.34 കോടി രൂപയും ഗ്രാന്റ്-ഇൻ-എയ്ഡ് ഇനത്തിൽ 11388.96 കോടി രൂപയുമാണ് ലഭിച്ചത്. അക്കൗണ്ടന്റ് ജനറലിന്റെ 2019 ഡിസംബർ വരെയുള്ള താൽക്കാലിക കണക്കുകൾ പ്രകാരം കേന്ദ്ര നികുതി വിഹിതമായി 11886.46 കോടി രൂപയും ഗ്രാന്റ്- |

| | | |
|---|---|---|
| | | ഇൻ-എയ്ഡ് ഇനത്തിൽ 5387.44 കോടി രൂപയുമാണ് ലഭിച്ചിട്ടുള്ളത്. അക്കൗണ്ടന്റ് ജനറലിന്റെ അന്തിമ കണക്കുകൾ ലഭ്യമായാൽ മാത്രമേ കേന്ദ്രത്തിൽ നിന്നുള്ള വിഹിതത്തിൽ കുറവ് വന്നിട്ടുണ്ടോ എന്ന കാര്യത്തിൽ വ്യക്തത വരികയുള്ളൂ. 31/01/2020-ലെ കണക്കുകൾ പ്രകാരം, 2019-20 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ പദ്ധതിച്ചെലവ് (തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെ) 17739.68 കോടി രൂപയാണ്. ഇത് ആകെ സംസ്ഥാന പദ്ധതി വിഹിതത്തിന്റെ 57.95% ആണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതി ചെലവ് ( 31/01/2020 വരെ) 39.69% ആണ്. |

**സെക്ഷൻ ഓഫീസർ**